## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2437** **08.12.2015-ൽ മറുപടിയ്ക്ക്**

### പ്രാക്തന ഗോത്ര വിഭാഗ ഉന്നമനം

**ചോദ്യം**
ശ്രീ.ബി.ഡി.ദേവസ്സി

**മറുപടി**
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ടവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതി പ്രകാരം ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ആതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ഷോളയാർ, ആനക്കയം, പെരിങ്ങൽ, [redacted] വാഴച്ചാൽ തുടങ്ങിയ കാടർ കോളനികളിൽ നടപ്പാക്കുന്ന ഭവന നിർമ്മാണമടക്കമുള്ള വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കാത്തതു മൂലം കോളനി നിവാസികൾക്കുണ്ടായിട്ടുള്ള വിഷമതകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിരപ്പള്ളി പഞ്ചായത്തിലെ ഷോളയാർ, ആനക്കയം, പെരിങ്ങൽ, പെരുമ്പാറ, വാഴച്ചാൽ എന്നീ കാടർ കോളനികളിൽ നടപ്പാക്കുന്ന ഭവന നിർമ്മാണപ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. വിശദവിവരം അനുബന്ധമായി ചേർ[redacted]<br>പെരുമ്പാറ, ഷോളയാർ,ആനക്കയം, എന്നീ കോളനികളിൽ നടപ്പാക്കിയ മണ്ണ്/ജലസംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>പ്രത്യേക പോഷകാഹാര വിതരണ പദ്ധതി പ്രകാരം കോളനികളിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്ത് വരുന്നു.<br>മെഡിക്കൽ മൊബൈൽ യൂണിറ്റുകൾ കോളനികളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നു. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത ഭവന നിർമ്മാണപദ്ധതി ഉടൻ പൂർത്തീകരിക്കുന്നതിനും പദ്ധതി നിർവ്വഹണത്തിൽ കെടുകാര്യസ്ഥതയും അഴിമതിയും ഉണ്ടായതായ ആക്ഷേപം പരിശോധിച്ച് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | ബി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | കോളനിയുടെ പേര് | അനുവദിച്ച വീടുകളുടെ എണ്ണം | നിലവിലുള്ള സ്റ്റേജ് (1) | (2) | (3) | പൂർത്തീകരിച്ചവ | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | ഷോളയാർ | 17 | – | – | 11 | 6 | |
| 2 | ആനക്കയം | 2 | – | – | 2 | – | |
| 3 | പെരിങ്ങൽക്കുന്ന് | 10 | – | 2 | 5 | 3 | |
| 4 | പെരുമ്പാറ | 27 | – | 5 | 8 | 14 | |
| 5 | [redacted] | 14 | – | – | 4 | 10 | |
| | ആകെ | 70 | – | 7 | 30 | 33 | |
| | | | | | | | |

Haripriya
[illegible]

Stage 1 - Basement construction
Stage 2 - Belt and wall Construction
Stage 3 - Lintle and roofing construction